ശ്രീ. ടി. അബ്ദുൽ മജീദ്: ഇപ്പോൾ സബ് ഡിവിഷന്റെ അടിസ്ഥാനത്തിലാണ് ഇത നീക്കിവയ്ക്കുന്നത്.

ശ്രീ. സി. എ. മാത്യു: 1959-60 സാമ്പത്തികവർഷത്തിൽ വേറെ പണി കൾക്ക് ഇത നീക്കിവച്ചിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുൽ മജീദ്: ഉണ്ട്.

ശ്രീ. ടി. ഒ. ബാവ: സബ് ഡിവിഷന്റെ അടിസ്ഥാനത്തിൽ നീക്കി വച്ചിട്ടുള്ള ഇത എങ്ങനെയാണ് ചെലവാക്കുന്നതെന്ന് പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദ്: സബ് ഡിവിഷൻ വർക്കമ്മിറ്റി യുടെ നിർദ്ദേശപ്രകാരമാണ് ഇത ചെലവഴിക്കുന്നത്.

ആത്മഹത്യ.

* 1421. [2] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കഴിഞ്ഞകൊല്ലം കേരളസ്റ്റേറ്റിൽ ആകെ എത്രപേർ ആത്മ ഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും മൂലം ആത്മഹത്യ ചെയ്തവരുടെ സംഖ്യ എത്ര?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) 1351.

(ബി) ക്രിയ്യമായി പറയുവാൻസാധ്യമല്ല. അറിഞ്ഞിടത്തോളം 154 പേർ.

ശ്രീ. കെ. ഹസ്സൻഗനി: പട്ടിണികൊണ്ട് മരണപ്പെട്ടവർ ഏത പ്രദേശത്താണ് കൂടുതൽ എന്ന പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസു വേണം.

ഭാഷാധ്യയനം.

* 1422. [3] ശ്രീ. എൻ. ശിവൻ പിള്ള: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പർ പ്രൈമറിസ്കൂളുകളിൽ നിലവിൽ ഉണ്ടായിരുന്ന ഭാഷാധ്യ യനം മറ്റെന്തെങ്കിലും വേണ്ടെന്ന വച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം ഭാഷാധ്യാപകരായി ജോലി ചെയ്തിരുന്ന എത അധ്യാപകരെ പിരിച്ചുവിടിട്ടുണ്ട്?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഇല്ല.

(ബി) മൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ശിവൻപിള്ള: പ്രൈമറി സ്കൂളുകളിൽ ശാസ്ത്രിപാസ്സായി രണ്ടും മൂന്നും കൊല്ലം സർവ്വീസ് ഉള്ളവരെ പിരിച്ചുവിട്ടിട്ടുള്ളതായി വല്ല വാർത്തയും കിട്ടീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അവരെ പിരിച്ചുവിടാൻ ഗവണ്മെന്റ് കല്പന കൊടുത്തിട്ടില്ല. പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ വേറെ എന്തെങ്കിലും അടിസ്ഥാനത്തിലായിരിക്കണം.

ശ്രീ. എൻ. ശിവൻ പിള്ള: ശാസ്ത്രി പാസ്സായിട്ടുള്ളവർ ഭാഷാദ്ധ്യയനത്തിന് യോഗ്യതയുള്ള ആളുകളാണോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഭാഷാദ്ധ്യാപകന്മാരായി ശാസ്ത്രിപാസ്സായിട്ടുള്ള ആളുകൾ മുമ്പുണ്ടായിരുന്നു. അവർ ഇപ്പോഴും ഉണ്ട്. അവരെ പിരിച്ചുവിടുവാൻ ഗവണ്മെന്റ് പറഞ്ഞിട്ടില്ല.

ശ്രീ. എൻ. ശിവൻ പിള്ള: ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ അവരെ തിരിച്ചെടുക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ എന്തുകാരണംകൊണ്ടാണ് പിരിച്ചുവിട്ടത് എന്നുള്ളതിനെക്കുറിച്ചു അന്വേഷിക്കാം.

ഹരിജനോദ്ധാരണവകുപ്പിലെ നിയമനങ്ങൾ.

* 1423. [4] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1958-59 വർഷത്തിൽ ഹരിജനോദ്ധാരണവകുപ്പിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുവഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) നിയമനം ലഭിച്ചവരുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) പാലക്കാട്, അലപ്പുഴ, കോട്ടയം, തിരുവനന്തപുരം എന്നീ ഡിസ്ട്രിക്ടുകളിലായി 93 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റു ഡിസ്ട്രിക്ടുകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ബി) 93 നിയമനങ്ങളുടെ ജാതിതിരിച്ചുള്ള † പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

ശ്രീ. സി. എ. മാത്യു: ജാതിതിരിച്ചുള്ള പട്ടികയുടെ കോപ്പി ഞങ്ങൾക്കു കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. ചാത്തൻ: അതു ഇപ്പോഴെ കിട്ടിയുള്ളൂ.

Mr. Speaker: Even though there is stringent instruction that statement should be made available at least 15 minutes earlier, I find that it has not been strictly followed. I have not yet received a copy of the statement. If the statement is not supplied to the Member concerned it will not be possible to ask supplementary questions.

ശ്രീ. എം. നാരായണക്കുറുപ്പ്: ചില ഡിസ്ട്രിക്ടിൽനിന്നും വിവരം കിട്ടുവാനും ചിലഡിസ്ട്രിക്ടിൽ നിന്നു കിട്ടാതെയിരിക്കുവാനും കാരണമെന്താണെന്നുപറയാമോ? മറ്റു ഡിസ്ട്രിക്ടുകളിൽ അവർ തന്നെ നേരിട്ടു നിയമനം നടത്തുകയായിരിക്കുമോ?

ശ്രീ. പി. കെ. ചാത്തൻ: ഡിസ്ട്രിക്ടു, ആഫീസന്മാരിൽ നിന്നും റിപ്പോർട്ടു കിട്ടുവാനുള്ള താമസമായിരിക്കും

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly